(ഡി) അന്യ സംസ്ഥാനങ്ങളിലെ തൊഴിലാളികൾ കേരളത്തിൽ വരുകുന്നതുവഴി ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിട, റോഡ് നിർമ്മാണ മേഖലകളിലും തടിമില്ലുകൾ, ധാന്യ മില്ലുകൾ, ഇഷ്ടിക കളങ്ങൾ തുടങ്ങിയ മേഖലയിലുമാണ് അന്യ സംസ്ഥാനക്കാരായ ജോലിക്കാർ വർദ്ധിച്ചിട്ടുള്ളത്.

(സി) വൻകിട കൺസ്ട്രക്ഷൻ കമ്പനികളാണ് തൊഴിലാളികളെ ജോലിക്ക് കൊണ്ടുവരുന്നത്. ഇവർ തൊഴിലാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട തൊഴിൽ നിയമപ്രകാരമുള്ള രജിസ്ട്രേഷനു് അപേക്ഷിക്കുന്ന സമയത്ത് സമർപ്പിക്കാറുണ്ട്. കൂടാതെ ഇത്തരം തൊഴിലാളികളുടെ കണക്ക് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതൊരു സാമൂഹിക പ്രശ്നമായി ഉയർന്നുവന്നിട്ടുണ്ടെന്ന് കരുതുന്നില്ല. കഠിനാദ്ധ്വാനം വേണ്ടിവരുന്ന ജോലികൾക്ക് കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ അയൽ സംസ്ഥാനങ്ങളിൽനിന്നും ലഭ്യമാണെന്നതാണ് ഇതിന്റെ മുഖ്യകാരണം. കുറെനാൾ ജോലി ചെയ്ത് ലഭിക്കുന്ന മിച്ച വേതനവുമായി അവർ മാതൃസംസ്ഥാനങ്ങളിലേക്ക് തിരികെ പോകുകയാണ് പൊതുവെ ചെയ്യുന്നത്. ടി തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങളും മിനിമം വേതനവും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം

57 [2926] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഇതുവരെ എത്ര രൂപ ചെലവഴിച്ചു; ഇതുവരെ എത്ര ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു;

(ബി) ഇനി എത്ര ഓഫീസുകൾ കൂടി ഈ സർക്കാരിന്റെ കാലത്ത് കമ്പ്യൂട്ടർവൽക്കരിക്കാനാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇതുവരെ 225 ലക്ഷം രൂപ ചെലവഴിച്ചു. രണ്ട് ഘട്ടങ്ങളിലായി 14 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. മൂന്നാംഘട്ടമായി 17 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) 2005.2006 വർഷത്തിൽ 180 ലക്ഷം രൂപ ഉപയോഗിച്ച്, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ 6 ജില്ലകളിലെ 24 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly